മാണിക്കൽ, നെല്ലനാട് ശുദ്ധജല വിതരണ പദ്ധതികളുടെ മേൽനോട്ടം

130 [1069] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിലായിരുന്ന വാമനപുരം നിയോജകമണ്ഡലത്തിലെ മാണിക്കൽ, നെല്ലനാട് തുടങ്ങിയ പഞ്ചായത്തുകളിലെ ജലവിതരണ പദ്ധതികൾ ജനങ്ങളുടെ സൗകര്യാർത്ഥം കല്ലറ അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിലാക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

പെരുമ്പാവൂർ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സെക്ഷൻ മെയിന്റനൻസ് ജോലികൾ

131 [1070] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സെക്ഷനു കീഴിൽ ഇലക്ട്രിക്കൽ ഇൻസുലേഷൻ മെയിന്റനൻസ് ജോലികൾ ചെയ്ത വകയിൽ ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പണം നൽകേണ്ടതായിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് ഇതിനു കാലതാമസമെന്നും എന്തു തുകവീതം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക മുഴുവനും കുടിശ്ശിക തീർത്ത് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണ് കാലതാമസത്തിനു കാരണം. താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് പണം നൽകാനുണ്ട്:

1. നാഷണൽ ഇലക്ട്രിക്കൽ വർക്സ്, പെരുമ്പാവൂർ — 86,000 രൂപ
2. യൂണിയൻ ഇലക്ട്രിക്കൽസ്, കരിക്കാട്ട്, ഒക്കൽ പി. ഒ. — 2,63,000 രൂപ

(സി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly